138 (1587) ശബരിമല വരുമാനം ചെലവാക്കുന്ന രീതി

ശ്രീ. കെ.ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിന്നും ആണ്ടുതോറും ലഭിക്കുന്ന വരുമാനം ഏതു രീതിയിലാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വരുമാനത്തിന്റെ പകുതിയെങ്കിലും സംസ്ഥാനത്തെ നിത്യനിദാന ചെലവുകൾക്കുപോലും ബുദ്ധിമുട്ടുന്ന ക്ഷേത്രങ്ങളുടെ ക്ഷേമത്തിനായി നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ശബരിമലയിൽ നിന്നും ആണ്ടുതോറും ലഭിക്കുന്ന വരുമാനത്തിൽ ഏകദേശം 25%-ത്തോളം തുക ശബരിമലയിലെ ക്ഷേമപ്രവർത്തനങ്ങൾക്കും, ഭക്തൻമാരുടെ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കും (റോഡ്, കക്കൂസ്, യൂറിനൽ തുടങ്ങിയവ), 20%-ത്തോളം തുക ഭക്തൻമാർക്ക് വഴിപാട് സാധനങ്ങൾ തയ്യാറാക്കി നൽകുന്നതിലേക്കും മറ്റുമുള്ള ചെലവുകളിലേക്കും, ബാക്കിവരുന്ന തുക മറ്റു ദേവസ്വങ്ങളിലെ വരവുകൾക്കൊപ്പം ജീവനക്കാരുടെ ശമ്പളം, മറ്റ് ക്ഷേത്രങ്ങളിലെ നിത്യനിദാന ചെലവുകൾ, പ്രൈവറ്റ് ദേവസ്വങ്ങളിലെ പൂജാഗ്രാന്റുകൾ, ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും മറ്റുമായി വിനിയോഗിച്ചുവരുന്നു എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ 1191 ക്ഷേത്രങ്ങളുടെ ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന 46.5 + 15 ലക്ഷം രൂപയും, ശബരിമല ദേവസ്വത്തിലെയും മറ്റു ദേവസ്വങ്ങളിലേയും വരുമാനവും കൊണ്ടാണ് കഷ്ടിച്ചു നടന്നുവരുന്നത് എന്നും ഇപ്പോൾ തന്നെ ബോർഡിന്റെ കഴിവിന്റെ പരമാവധി മറ്റ് പ്രൈവറ്റ് ദേവസ്വങ്ങൾക്ക് പൂജാ ഗ്രാന്റായി നൽകുന്നുണ്ട് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ദേവസ്വംബോർഡ് സ്വയംഭരണ സ്ഥാപനമായതിനാൽ ഇതിനായി പദ്ധതിയൊന്നും ആവിഷ്കരിക്കാൻ സർക്കാരിന് കഴിയുകയില്ല.

139 (1588) പച്ചക്കറി സ്വയംപര്യാപ്തത

ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി സ്വയം പര്യാപ്തത നേടുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പച്ചക്കറി കർഷകരിൽ നിന്നും സംഭരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1997 നവംബർ മുതൽ സർക്കാർ ഊർജിത പച്ചക്കറി വികസന

LIBRARY ARCHIVES Kerala Legislative Assembly